**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **null**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാലവർഷം, മറ്റു പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയിൽ കലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലമോ, വന്യജീവി ആക്രമണം മൂലമോ പൂർണ്ണമായ നാശനഷ്ടം സംഭവിച്ചാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നു. കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന, പ്രസ്തുത പദ്ധതികളിൽ അംഗമായ കർഷകർക്ക് അർഹതയുള്ള ധനസഹായം സമയബന്ധിതമായി നൽകി വരുന്നുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡങ്ങൾ പരിഷ്കരിക്കുമ്പോൾ നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ